DESPATCHED
On. 02/06/2020

17/03/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.2108(6)/2015/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13543/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

അഡ്വ.കെ. സതീഷ്കുമാർ
ലോയേഴ്സ് ലെയിൻ, കുപ്പക്കോണം റോഡ്,
നെടുമങ്ങാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   തിരുവനന്തപുരം .

2. അപ്പീൽ അധികാരി & വിദ്യാഭ്യാസ ഉപഡയറക്ടർ
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   തിരുവനന്തപുരം .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.07.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.08.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17.08.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.09.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.03.2020 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 17.03.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരനായ അഡ്വ.കെ. സതീഷ്കുമാർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ശരിയായ വിധത്തിലും ശരിയായ സമയത്തും നൽകിയില്ലായെന്നും നിയമ പ്രകാരമുള്ള സമയപരിധി കഴിഞ്ഞതിനുശേഷം മറുപടി നൽകാൻ സാധിക്കില്ല എന്നറിയിച്ച ഒരു കത്താണ് നൽകിയതെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും തീർത്തും നിയമ വിരുദ്ധവും ലഭ്യമായ വിവരങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാതെയുള്ളതും ടിയാന്റെ ചോദ്യങ്ങൾ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ടുള്ള ഉത്തരങ്ങളുമാണ് നൽകിയിട്ടുള്ളതെന്നും മേൽപ്പടി വിവരങ്ങൾ കളവും വ്യാജവുമാണെന്നും മറ്റുമാണ്.

2 ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യത്തിൽ ഏതെങ്കിലും കോടതി ഉത്തരവിൻ പ്രകാരം എയ്ഡഡ് സ്കൂൾ മാനേജർ സ്വീകരിക്കുന്ന അച്ചടക്ക നടപടി റദ്ദാക്കാൻ അധികാരമുള്ള സർക്കാർ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ നൽകണമെന്നും

ii. ബഹു.ഹൈക്കോടതിയുടെ 23.03.2015 ലെ WP(C) 4387/2015, 5158/2015 എന്നീ റിട്ട് പെറ്റീഷനുകളിൽ പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച് തേമ്പാമൂട് ജനതാ ഹയർസെക്കൻഡറി സ്കൂൾ മാനേജർ, ഹെഡ്മിസ്ട്രസ് തസ്തികയിൽ നിന്ന് വിരമിക്കുന്നതിനു മുമ്പ് ശ്രീമതി. എൽ. സുഷമയുടെ പേരിൽ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദാക്കിക്കൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനു മുമ്പ് സ്കൂളിനും മാനേജർക്കും സാമാന്യ നീതി ലഭ്യമാക്കുന്നതിലേയ്ക്കായി മാനേജറുടെ വിശദീകരണം ആവശ്യപ്പെടുകയുണ്ടായോ എന്നും

iii. മേൽപ്പടി നടപടിക്കുമുമ്പ് മാനേജരെ കേട്ടിരുന്നോ എന്നും എങ്കിൽ ഹിയറിംഗ് നടപടികളുടെ പകർപ്പ് ലഭ്യമാക്കണമെന്നും

iv. KER 14(a) Rule 84 അനുസരിച്ച് സമർപ്പിച്ചിട്ടില്ലാത്ത Rule 80 പ്രകാരമുള്ള അപ്പീൽ മേൽപ്പടി chapter ലെ റൂൾ 85 അനുസരിച്ച് തടഞ്ഞു വയ്ക്കാത്തത്

RIGHT TO INFORMATION

ഏതെങ്കിലും ഉത്തരവിൻ പ്രകാരമാണെങ്കിൽ ആ ഉത്തരവിന്റെ നമ്പർ, പകർപ്പ് എന്നിവ ലഭ്യമാക്കണമെന്നും

v. മേൽപ്പടി തകരാർ പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് മറ്റേതെങ്കിലും രേഖകളുടെ അടിസ്ഥാനത്തിൽ ആണെങ്കിൽ മേൽപ്പടി രേഖകളുടെ പകർപ്പ് നൽകണമെന്നും മറ്റുമായി 20 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് KER ലെ വ്യവസ്ഥകളുടെ വിശദീകരണമാണെന്നും ആയത് വിവരാവകാശ നിയമ പ്രകാരം നൽകാൻ സാധിക്കുകയില്ല എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ KER ലെ ഏതെങ്കിലും വ്യവസ്ഥകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ലായെന്നും 29.04.2015 തീയതി വച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി4/26406/14 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് നിയമത്തിന്റെയും വ്യവസ്ഥകളുടെയും നഗ്നമായ ലംഘനമാണെന്നും ആയതിനാലാണ് ടിയാൻ അറിയാത്തതോ വിവരം ലഭ്യമായിട്ടില്ലാത്തതോ ആയ ഗവൺമെന്റിന്റെയോ കോടതിയുടെയോ ബന്ധപ്പെട്ട ഉത്തരവുകൾ സംബന്ധിച്ച് വിവരം തേടിയത് എന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിട്ടില്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും വിശദമായ മറുപടി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ആയതുപ്രകാരം ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 4, 5, 6, 7, 8 , 9, 10, 11, 18, 19, 20 എന്നീ ഇനങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായും 12, 15 എന്നീ ഇനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും 13, 16, 17 എന്നീ ഇനങ്ങൾ സംബന്ധിച്ച് 'ബാധകമല്ല' എന്ന മറുപടി നൽകിയിട്ടുള്ളതായും 14-ാം ഇനം സംബന്ധിച്ച് മറുപടി അർഹിക്കുന്നില്ലായെന്ന് അറിയിച്ചിട്ടുള്ളതായും കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്നവ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി നൽകിയിരുന്നില്ലായെന്നു കാണുന്നു. ഹർജിക്കാ

രന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എന്താണെന്ന് വ്യക്തമായി പരിശോധിക്കാതെയാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് KER ലെ വ്യവസ്ഥകളുടെ വിശദീകരണമാണെന്നും ആയത് വിവരാവകാശ നിയമ പ്രകാരം നൽകേണ്ടതില്ലെന്നും ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതായി കാണുന്നത്. ആയത് വിവരാവകാശ നിയമ നിഷേധമാണെന്നും നിരുത്തരവാദപരമായ നടപടിയാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ നടപടി കുറ്റകരവും ശിക്ഷാർഹവുമായതിനാൽ ടിയാനെതിരെ വിവരാകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

4. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ലഭ്യമാക്കാൻ കഴിയുന്ന പൂർണ്ണ വിവരങ്ങൾ രണ്ടാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 12-ാം ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്, വിശദീകരണമോ സംശയ നിവാരണമോ ആണെന്നും ആയതിന് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകേണ്ടതില്ലെന്നും രണ്ടാം എതിർകക്ഷി അറിയിച്ചിട്ടുള്ളതായി കാണുന്നു. 13-ാം ഇനത്തിൽ ആവശ്യപ്പെട്ടത്, 12-ാം ഇനവുമായി ബന്ധപ്പെട്ട വിവരം ആണെന്നു കാണുന്നു. ആയതിനാലാണ് രണ്ടാം എതിർകക്ഷി 'ബാധകമല്ല' എന്ന മറുപടി ഹർജിക്കാരന് നൽകിയത്. 14-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, നിയമ വിരുദ്ധമായ ഉത്തരവുകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത വഹിക്കുന്നത് ആരാണെന്നാണ്. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത് വിവരാവകാശ നിയമത്തിലെ 2 (എഫ്) പ്രകാരമുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്ന് കാണുന്നു.

15–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത് വിശദീകരണമോ സംശയ നിവാരണമോ ആണ്. ആയതും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാലാണ് അക്കാര്യം വ്യക്തമാക്കി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. 16, 17 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ 15–ാം ഇനവുമായി ബന്ധപ്പെട്ടതിനാലാണ് 'ബാധകമല്ല' എന്ന മറുപടി രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നത്. ആയതിനാൽ ലഭ്യമാക്കാൻ കഴിയുന്ന പൂർണ്ണ വിവരങ്ങൾ രണ്ടാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA

RIGHT TO INFORMATION